# ഹാൻമറിന് ഏഷ്യ-പസഫിക് അവാർഡ്

കൊച്ചി: പബ്ലിസിസ് ഗ്രൂപ്പിൽപ്പെട്ട പ്രമുഖ പബ്ലിക് റിലേഷൻ കമ്പനിയായ ഹാൻമർ എം.എസ് ആൻഡ് എൽ 2009-ലെ ഏഷ്യ-പസഫിക് അവാർഡ് കരസ്ഥമാക്കി. മൂലകോശ സംഭരണരംഗത്ത് പ്രവർത്തിക്കുന്ന ചെന്നൈയിലെ ലൈഫ് സെൽ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി നടത്തിയ മാധ്യമ പ്രചാരണത്തിനാണ് ഹോങ്കോങ്ങിൽ നടന്ന ചടങ്ങിൽ പ്രൊഡക്ട് ബ്രാൻഡ് ഡെവലപ്പ്മെന്റ് വിഭാഗത്തിൽ ഹാൻമറിന് അവാർഡ് ലഭിച്ചത്.

2009ൽ ഈ അവാർഡ് നേടുന്ന ഏക ഇന്ത്യൻ പിആർ കമ്പനിയാണ് ഹാൻമർ എം.എസ് ആൻഡ് എൽ എന്ന് മാനേജിങ് ഡയറക്ടർ സുനിൽ ഗൗതം പറഞ്ഞു. പുതുമയായ മൂലകോശ സംഭരണമെന്ന ആശയം പ്രചരിപ്പിക്കുന്നതിൽ ഹാൻമർ മികച്ച പങ്കു വഹിച്ചതായി ലൈഫ് സെൽ പ്രസിഡന്റ് മയൂർ അഭയ പറഞ്ഞു.